**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 489** — **08-11-2021 - ൽ മറുപടിയ്ക്ക്**

**സബ് രജിസ്ട്രാർ ഓഫീസുകൾ ജനസൗഹൃദമാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. എം. എം. മണി,<br>ശ്രീ സി എച്ച് കുഞ്ഞമ്പു** | | **Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സബ് രജിസ്ട്രാർ ഓഫീസുകൾ ജനസൗഹൃദമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള ആധുനികീകരണ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട് സബ് രജിസ്ട്രാർ ആഫീസുകൾ ജനസൗഹൃദമാക്കുന്നതിന്റെ ഭാഗമായി ചുവടെ വിവരിക്കുന്ന പരിപാടികൾ നടപ്പിലാക്കിയിരുന്നു. 1) വിൽക്കുന്നയാളിനോ വാങ്ങുന്നയാളിനോ സ്വയം ആധാരം തയ്യാറാക്കുന്നതിനുള്ള നിയമഭേദഗതി. 2) സ്വയം ആധാരം തയ്യാറാക്കുന്നതിനെ പ്രോൽസാഹിപ്പിക്കുന്നതിനും സബ് രജിസ്ട്രാർ ഓഫീസിൽ ഫയൽ ചെയ്യുന്ന ആധാരപകർപ്പുകൾ സുഗമമായി കമ്പ്യൂട്ടറിൽ തയ്യാറാക്കുന്നതിനുമായി ഫയലിംഗ് ഷീറ്റുകളുടെ അളവ് എ 3 സൈസിൽ നിന്നും എ 4 സൈസിലേക്ക് മാറ്റിയിരുന്നു. 3) ഒരു ജില്ലയ്ക്കകത്തുള്ള ഏത് സബ് രജിസ്ട്രാർ ഓഫീസിലും പൊതുജനങ്ങളുടെ സൗകര്യമനുസരിച്ച് ആധാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള Anywhere Registration സംവിധാനം. 4) ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കിക്കൊണ്ട് പോക്ക് വരവ് നടപടികൾ കൂടുതൽ സുതാര്യമാക്കി. 5) സബ് രജിസ്ട്രാർ ഓഫീസിൽ നിന്നുള്ള എല്ലാ സേവനങ്ങൾക്കും ഇ-പേയ്മെന്റ് സൗകര്യം ഒരുക്കുകയും സബ് രജിസ്ട്രാർ ഓഫീസുകളിൽ ഇ-പോസ് ഉപകരണങ്ങൾ സ്ഥാപിക്കുകയുമുണ്ടായി. 6) ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക് ഓൺലൈനായി www.igr.kerala.gov.in എന്ന വെബ് സൈറ്റിലൂടെ പരിശോധിക്കുന്നതിനുള്ള സംവിധാനം. 7) ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില വരുന്ന എല്ലാ ആധാരങ്ങൾക്കും ഇ-സ്റ്റാംപിംഗ് സൗകര്യം. 8) ആധാര രജിസ്ട്രേഷൻ നടത്തേണ്ട തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് |

| | | | |
|---|---|---|---|
| | | | ടോക്കൺ ഓൺലൈനായി എടുക്കുന്നതിനുള്ള സൗകര്യം. 9) രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ കാര്യാലയത്തിലും, 8 ജില്ലാ രജിസ്ട്രാർ ഓഫീസുകളിലും ഫയലുകൾ ഓൺലൈനായി കൈകാര്യം ചെയ്യുന്നതിനുള്ള ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി. 10) സഹകരണ ബാങ്കുകളിൽ നിന്നുള്ള ലോണുകൾക്കായുള്ള ഗഹാൻ ആധാരങ്ങൾക്ക് പൂർണ്ണമായും ഓൺലൈൻ സൗകര്യം. 11) KSFE -യുമായി ചേർന്നുകൊണ്ട് പ്രവാസി ചിട്ടികൾക്ക് പൂർണ്ണമായും ഓൺലൈൻ സൗകര്യം. 12) പാർട്ണർഷിപ്പ് രജിസ്ട്രേഷന് പൂർണ്ണമായും ഓൺലൈൻ സംവിധാനം. 13) സൊസൈറ്റി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട വിവിധ സേവനങ്ങൾക്ക് ഓൺലൈൻ സംവിധാനം. മേൽ വിവരിച്ച പരിപാടികൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി ചുവടെ വിവരിക്കുന്ന പരിഷ്കാരങ്ങളും വകുപ്പിന്റെ പരിഗണനയിലാണ്. 1. എല്ലാ മൂല്യങ്ങൾക്കുമുള്ള മുദ്രപ്പത്രങ്ങൾക്ക് പകരമായുള്ള സമ്പൂർണ്ണ ഇ-സ്റ്റാമ്പിംഗ് സൗകര്യം. 2. ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലോണുകളുമായി ബന്ധപ്പെട്ട കരാറുകൾ ചെയ്യുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങൾ സന്ദർശിക്കാതെ തന്നെ ഡിജിറ്റൽ രൂപത്തിൽ കരാറുകൾ തയ്യാറാക്കുന്നതിനായുള്ള സൗകര്യം. 3. രജിസ്ട്രേഷൻ വകുപ്പിന്റെ വെബ് സൈറ്റ് കൂടുതൽ മികവുറ്റതാക്കുന്നതിനുള്ള നടപടികൾ |
| (ബി) | സ്വന്തമായി ആധാരമെഴുതുന്ന പദ്ധതി കൂടുതൽ ലളിതമാക്കുന്നതിനും സുരക്ഷിതമാക്കുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ; | (ബി) | ആധാരം സ്വയം തയ്യാറാക്കുന്നതിനുള്ള സൗകര്യം കൂടുതൽ ലളിതവൽക്കരിക്കുന്നതിനായി ഫയലിംഗ് ഷീറ്റുകളുടെ അളവ് എ.3 സൈസിൽ നിന്നും എ.4-ലേക്ക് മാറ്റിയിരുന്നു. സ്വയം ആധാരം തയ്യാറാക്കുന്ന പൊതുജനങ്ങൾക്ക് കമ്പ്യൂട്ടർ പ്രിന്റർ ഉപയോഗിച്ച് ഫയലിംഗ് ഷീറ്റുകളിൽ ആധാരം തയ്യാറാക്കുവാൻ ഈ സൗകര്യം വളരെ പ്രയോജനകരമായിരിക്കുന്നതാണ്. കമ്പ്യൂട്ടർ മുഖാന്തിരം തയ്യാറാക്കുന്ന ആധാരങ്ങളിൽ ആധാര കക്ഷികളുടെ ഫോട്ടോയും വിരൽപ്പതിപ്പും കമ്പ്യൂട്ടർ മുഖാന്തിരം തന്നെ രേഖപ്പെടുത്തുന്നതിനുള്ള പരിഷ്കാരവും പരിഗണനയിലാണ്. |
| (സി) | സബ് രജിസ്ട്രാർ ഓഫീസുകളിലെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനും രേഖകളുടെ ഡിജിറ്റൈസേഷൻ നടപ്പാക്കുന്നതിനുമുള്ള പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ? | (സി) | 1. സബ് രജിസ്ട്രാർ ഓഫീസുകളിലെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനായി 100 കോടി രൂപയുടെ കിഫ്ബി മുഖേന രജിസ്ട്രേഷൻ വകുപ്പിലെ 51 കെട്ടിട നിർമ്മാണ പദ്ധതിയ്ക്കും, ഒരു അറ്റകുറ്റപ്പണിക്കും സ.ഉ.(സാധാ)995/17/നി.വ, തീയതി, 05/12/2017 പ്രകാരം ഭരണാനുമതി നൽകുകയും, ഇതിലെ 28 കെട്ടിടങ്ങളുടെ |

| | | | |
|---|---|---|---|
| | | | പ്രവർത്തനോദ്ഘാടനവും ഒരു കെട്ടിടത്തിന്റെ അറ്റകുറ്റപ്പണിയും നടക്കുകയുമുണ്ടായി. 15 ഓഫീസുകളുടെ നിർമ്മാണ പ്രവർത്തനം നടന്നു കൊണ്ടിരിക്കുന്നു. 8 ഓഫീസുകളുടെ നിർമ്മാണപ്രവർത്തനം പ്രാരംഭഘട്ടത്തിലാണ്. 2. 30/05/2020 തീയിതിയിലെ സ.ഉ(സാധാ)നം.373/2020/നി.വ നമ്പർ ഉത്തരവ് പ്രകാരം സബ് രജിസ്ട്രാർ ഓഫീസുകളിൽ പൊതുജനങ്ങൾക്കായി അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി നാല് കോടി അൻപത് ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ഇതിൽ സിഡ്കോ മുഖാന്തിരം 315 സബ് രജിസ്ട്രാർ ഓഫീസുകളിലും 10 കസേരകൾ വീതം വിതരണം ചെയ്തു. കൂടാതെ സബ് രജിസ്ട്രാർ ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് വാട്ടർടാങ്ക്, വാട്ടർപമ്പ്, കിണർ, കുഴൽകിണർ, ശുചിമുറി മുതലായവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗത്തിന് 89,21,900/- (എൺപത്തി ഒൻപത് ലക്ഷത്തി ഇരുപത്തി ഒന്നായിരത്തി തൊള്ളായിരം) രൂപയും നൽകിയിട്ടുണ്ട്. 3. സബ് രജിസ്ട്രാർ ഓഫീസുകളിലെ റിക്കാർഡ് മുറികൾ നവീകരിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി 37 സബ് രജിസ്ട്രാർ ഓഫീസുകളിൽ ആധുനിക രീതിയിലുള്ള കോംപാക്ടറുകൾ സ്ഥാപിച്ചു. 4. രജിസ്ട്രേഷൻ വകുപ്പിൽ 2018-19 സാമ്പത്തിക വർഷം തുടക്കം കുറിച്ച രേഖകളുടെ അനശ്വര ഡിജിറ്റൈസേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് പത്തനംതിട്ട ജില്ലയിലെ എല്ലാ സബ് രജിസ്ട്രാർ ആഫീസുകളിലേയും രജിസ്റ്റർ വാല്യങ്ങൾ ഡിജിറ്റൈസ് ചെയ്യുകയുണ്ടായി. പ്രസ്തുത പദ്ധതി മുഖേന 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, ഇടുക്കി, എറണാകുളം, ആലപ്പുഴ ജില്ലകളിലെ സബ് രജിസ്ട്രാർ ആഫീസുകളിലെ 2005 മുതൽ 2018 വരെയുള്ള കാലയളവിലെ രജിസ്റ്റർ വാല്യങ്ങളുടെ സ്കാനിംഗ് ജോലികൾ പൂർത്തിയാക്കുകയുണ്ടായി. ഈ പദ്ധതിയുടെ ഭാഗമായ 2005 -നു മുമ്പെയുള്ള രജിസ്റ്റർ വാല്യങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയുമാണ്. |

സെക്ഷൻ ഓഫീസർ